# യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്

## ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫിനാൻസ് ബ്രാഞ്ച്)

## CCSIT -തിരൂർ- ഓഡിറ്റ് റിപ്പോർട്ട് -2018

ആഭ്യന്തര ഓഡിറ്റ് വിഭാഗം 29.11.2018 , 30.11.2018 എന്നീ തിയ്യതികളിലായി തൃശ്ശൂരിലെ ,സി .സി.എസ്.ഐ .റ്റീ-തിരൂർ സെന്ററിൽ കണക്കു പരിശോധന നടത്തിയിരുന്നു. അതിന്റെ കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

**ഓഡിറ്റ് ടീം** :

സെക്ഷൻ ഓഫീസർ : **രജനീദേവി പി .കെ.**

അസ്സിസ്റ്റന്റ്സ് :**സത്യനേശൻ.സി**

**മനോജ്കുമാർ.ടി**

അസ്സോസിയേറ്റ് കോഓർഡിനേറ്റർ: **ബിനിത.വി**

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ:**സുബ്രഹ്മണ്യൻ .വി.പി.**(അഡിഷണൽ ചാർജ് )

കോൺട്രാക്ട് സ്റ്റാഫ് :5

ലൈബ്രറി അസിസ്റ്റന്റ്:1

സ്ഥാപനത്തിൽ MCA കോഴ്സ് 6 സെമസ്റ്റർ ആയിട്ടാണ് നടത്തുന്നത്. 2018 വർഷത്തിൽ 11 കുട്ടികളാണ് പ്രവേശനം നേടിയിട്ടുള്ളത്.

**ബാങ്ക് അക്കൗണ്ട് :**സ്ഥാപനത്തിലെ പണമിടപാടുകൾ 67320711004 എന്ന അക്കൗണ്ട് വഴിയാണ് നടത്തുന്നത് .ക്യാഷ് ബുക്കിലെ ബാലൻസും ബാങ്ക് സ്റ്റെമെന്റിലെ ബാലൻസും തമ്മിൽ ഒത്തുപോകുന്നുണ്ട്.

**ക്യാഷ് ബുക്ക് :**ക്യാഷ് ബുക്കിലെ ചില വിവരങ്ങൾ മായ്ച്ചതിനുശേഷം എഴുതിച്ചേർത്തതായിട്ടു കാണുന്നു.എന്ററികൾ തിരുത്തിയെഴുതുമ്പോൾ ചുവന്ന മഷി ഉപയോഗിക്കുക.അത് മേൽ ഉദ്യോഗസ്ഥൻ തിയതി വെച്ചു ഒപ്പിട്ടു സാക്ഷ്യപ്പെടുത്തേടതുണ്ട്.

**PA രജിസ്റ്റർ :**സ്ഥാപനത്തിലെ PA അലോട്ട്മെന്റ് 20,000 രൂപയാണ്.രജിസ്റ്റർ പരിശോധിച്ചതിൽ, 25.10.2018 ൽ 15484 രൂപ ബാലൻസ് ഉണ്ട്.മറ്റു അപാകതകൾ കണ്ടില്ല.

**സ്റ്റോക്ക് രജിസ്റ്റർ :**സ്റ്റോക്ക് രെജിസ്റ്ററിൽ സ്ഥാപനത്തിലേക്ക് വാങ്ങിയ എല്ലാ എക്വിപ്മെന്റ്സിന്റെയും വിവരങ്ങളും ചേർത്തിട്ടുണ്ട്.

**ഇങ്കുംബെന്റ് രജിസ്റ്റർ :**സ്ഥാപനത്തിലെ പ്രസ്തുത രെജിസ്റ്റർ പരിശോധിച്ചതിൽ കരാർ അടിസ്ഥാനത്തിൽ 5 അദ്ധ്യാപകരും ലൈബ്രറി അസിസ്റ്റന്റ് ഒരാളും ഉള്ളതായിട്ടു കാണുന്നു,

**PTA** : സ്ഥാപനത്തിൽ PTA രൂപീകരിച്ചിട്ടില്ല.സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് PTA ആവശ്യമാണ്.അതുകൊണ്ടു PTA രൂപീകരിക്കേണ്ടതാണ്.

**ആൻസർ ഷീറ്റ് രജിസ്റ്റർ** :പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ മെയിൻ ഷീറ്റ്, അഡിഷണൽ ഷീറ്റ് എന്നിവയുടെ എണ്ണം കൃത്യമായിട്ട് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.ഷീറ്റുകളുടെ സീരീസ് രേഖപ്പെടുത്തിയിട്ടില്ല. ഇത് രേഖപ്പെടുത്തേണ്ടതാണ്.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ :** ഇ-ഗ്രാന്റ്സ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇ-ഗ്രാന്റ്സ് പണമിടപാടുകൾ SBI തിരൂർ ബ്രാഞ്ചിലെ A/c No. 35013702847 എന്ന അക്കൗണ്ട് വഴിയാണ് നടത്തുന്നത് .26.9.2018 ഇൽ ബാങ്കിൽ സീറോ ബാലൻസ് ആണ് കാണിക്കുന്നത്.

**കോഷൻ ഡെപ്പോസിറ്റ രജിസ്റ്റർ:**കോഷൻ ഡെപ്പോസിറ്റ രജിസ്റ്റർ പരിശോധിച്ചതിൽ 2014 വർഷത്തിൽ പ്രവേശനം നേടിയ 2 കുട്ടികൾക്ക് 4000 (2000+2000)രൂപ തിരിച്ചു കൊടുക്കുവാനുണ്ട്. ഈ തുക കുട്ടികൾക്ക് കൊടുത്തു തീർക്കേണ്ടതാണ്. അല്ലെങ്കിൽ യൂണിവേഴ്സിറ്റി ഫണ്ടിൽ അടവാക്കേണ്ടതാണ്.

**പൊതുവായ കാര്യങ്ങൾ.**

1)സ്ഥാപനത്തിൽ ഒരോ വർഷം തോറും പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നു.സമീപപ്രദേശത് വേറെ സ്ഥാപനം പ്രവർത്തിക്കുന്നതും ഇവിടുത്തെ അടിസ്ഥാനസൗകര്യക്കുറവ് കൊണ്ടായിരികാംമിത് സംഭവിക്കുന്നത് .പ്രസ്തുത സ്ഥാപനം ക്ഷേത്രത്തിന്റെ കെട്ടിടത്തിൽ വാടകക്കാണ് പ്രവർത്തിക്കുന്നത് .

2)അക്സെഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ലൈബ്രറിയിൽ 832 ബുക്കുകൾ ഉള്ളതായിട്ടു കാണുന്നു. ബുക്കുകൾ നഷ്ടപ്പെടുകയോ കേടുപാട് സംഭവിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവ സോപാധികമായി എഴുതിത്തള്ളാനുള്ള നടപടികൾ എടുക്കാവുന്നതാണ് .

3)ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിനും , CCSIT ക്കും കൂടി ഒരു ലൈബ്രേറിയൻ ആണുള്ളത്.

CU CAMPUS — Suresh K.K

15.12.2018 — FINANCE OFFICER